# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി2/725/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 25/09/2025
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി2/725/2025 തീയ്യതി: 25/09/2025

## ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-05-2024 മുതൽ 31-05-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രശ്മി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 26-05-2025 | 31-05-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-05-2025 | 31-05-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ.

ശ്രീ ഷാന്റി ജോർജ്ജ് ,ഓഡിറ്റ് ഓഫീസർ.

ശ്രീമതി അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ.

ശ്രീമതി മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സ്വപ്ന വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ തൌഫീക്ക് എം എച്ച്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.കെ തോമസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ഷാജാ ജോസഫ് | സെക്രട്ടറി | 01-04-2024 | 06-09-2024 |
| ജെയിംസ് കുര്യൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-09-2024 | 22-10-2024 |
| ആർ.ഹർഷകുമാർ | സെക്രട്ടറി | 23-10-2024 | 23-03-2025 |
| ജെയിംസ് കുര്യൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-03-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെയിംസ് കുര്യൻ | അസി.സെക്രട്ടറി | 01-04-2024 | 31-03-2025 |
| സൂരജ് വി.എസ് | അസി.എഞ്ചിനീയർ | 01-04-2024 | 18-09-2024 |
| ആദർശ് പി.ആർ | അസി.എഞ്ചിനീയർ | 19-09-2024 | 31-03-2025 |
| ജിൻസി തോമസ് | വി.ഇ.ഓ കരിംങ്കുന്നം സർക്കിൾ | 01-04-2024 | 12-09-2024 |
| ബിൻസീന ഇബ്രാഹിം | വി.ഇ.ഓ കരിംങ്കുന്നം സർക്കിൾ | 13-09-2024 | 03-01-2025 |
| ജിൻസി തോമസ് | വി.ഇ.ഓ,കരിംങ്കുന്നം സർക്കിൾ | 04-01-2025 | 31-03-2025 |
| പ്രതീക്ഷ സത്യൻ | വി.ഇ.ഓ,നെല്ലാപ്പാറ സർക്കിൾ | 01-04-2024 | 17-09-2024 |
| ബാബു.കെ.വി | വി.ഇ.ഓ,നെല്ലാപ്പാറ സർക്കിൾ | 18-09-2024 | 31-03-2025 |
| മായാ ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| അഞ്ചു.എസ് | കൃഷി ഓഫീസർ | 01-04-2024 | 30-04-2024 |
| സിമോണി | കൃഷി ഓഫീസർ | 01-05-2024 | 29-10-2024 |
| അഞ്ചു.എസ് | കൃഷി ഓഫീസർ | 30-10-2024 | 31-03-2025 |
| ദിവ്യ എം.ദിവാകരൻ | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-04-2024 | 31-07-2024 |
| അലീന ജോർജ്ജ് | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-08-2024 | 22-10-2024 |
| ആശ പി.വി | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 23-10-2024 | 18-03-2025 |
| ദിവ്യ എം.ദിവാകരൻ | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 19-03-2025 | 31-03-2025 |
| അജിമോൻ എം.ഡി | ഹെഡ് മാസ്ററർ | 01-04-2024 | 31-03-2025 |
| ജാസ്മിൻ സി.എ | ഡയറി എക്സ്ററൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. അനുമോൾ കെ.എ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ. റാണി ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ. ജിൽസൺ കെ.ജോർജ്ജ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. മായാ ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-4 |
| 6 | ആസ്തി ബാധ്യതക്കണക്കുകൾ കൃത്യമല്ല | 1-1-5 |
| 7 | കാലഹരണപ്പെട്ട ഋണശീർഷ വരവുകൾ ബാദ്ധ്യതയായി തുടരുന്നു | 1-1-6 |
| 8 | എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല | 1-1-7 |
| 9 | അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നു. | 1-1-8 |
| 10 | ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയില്ല. | 1-1-9 |
| 11 | ബി 5 ഷെഡ്യൂളിലെ തുകയും ബി 16 ഷെഡ്യൂളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയില്ല. | 1-1-11 |
| 13 | ജില്ലാപ്പഞ്ചായത്ത് വിഹിതം - ബി 4 - ലെ ഷെഡ്യൂളിലെ തുകകളുടെ കൃത്യത വ്യക്തമല്ല | 1-1-12 |
| 14 | വാട്ടർ അതോറിറ്റിയിൽ അടവാക്കാനുള്ള വെള്ളക്കരത്തിന്റെ കുടിശ്ശിക വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ഗ്രാന്റ് വിനിയോഗം | 1-3 |
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | സാമൂഹ്യക്ഷേമപദ്ധതികൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-9 |
| 23 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-10 |
| 24 | എഫ്.എച്ച്.സി.- ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-11 |
| 25 | കരിങ്കുന്നം കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഇൻവേർട്ടർ വാങ്ങൽ പദ്ധതി - ഇൻവേർട്ടർ ലഭിച്ചില്ല - ₹1,16,000/- തടസ്സപ്പെടുത്തുന്നു. | 1-12 |
| 26 | മൂവ്മെന്റ് പെർമിറ്റ് - പെർമിറ്റ് തീയതിക്കു ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ തറ നിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-13 |
| 27 | മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പാക്കിയ പദ്ധതികളിൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-14 |
| 28 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - യഥാസമയം മരുന്ന് ലഭ്യമാകുന്നില്ല | 1-15 |
| 29 | വെള്ളക്കരം - കുടിശ്ശിക | 1-16 |
| 30 | ലൈഫ് ഭവനനിർമ്മാണം - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-17 |
| 31 | വീട് മെയിന്റനൻസ് - പൂർത്തിയാക്കിയില്ല | 1-18 |
| 32 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹2,46,710/- തടസ്സപ്പെടുത്തുന്നു. | 1-19 |

| | | |
|---|---|---|
| 33 | തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണപ്ലാന്റ് പ്രവർത്തനക്ഷമമാക്കിയില്ല - ₹1,46,810/- തടസ്സപ്പെടുത്തുന്നു. | 1-20 |
| 34 | വനിതാവ്യവസായകേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല. | 1-21 |
| 35 | ബെയിലിങ്ങ് മെഷീൻ പ്രവർത്തനക്ഷമമാക്കിയില്ല - ₹1,47,000/- തടസ്സപ്പെടുത്തുന്നു. | 1-22 |
| 36 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-23 |
| 37 | ജൽജീവൻ മിഷൻ - പദ്ധതി അവലോകനം | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ്പതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 215(4) പ്രകാരം, 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1. & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12.05.2025 – ലെ 17(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.052025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരിങ്കുന്നം ഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2025 – ൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന

കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കരിങ്കുന്നം ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തേക്കുള്ള വാർഷികസാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
25.09.2025 ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല**

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-2025 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹16,03,198/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-2025 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹21,90,238/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം, മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ട താണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-3 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

അക്രു ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

**1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല**

ഇൻകം & എക്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം, ജേണൽ വൗച്ചർ പ്രകാരം വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

**1-1-5 ആസ്തി ബാധ്യതക്കണക്കുകൾ കൃത്യമല്ല**

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തിയും അവയുടെ മൂല്യശോഷണക്കണക്കുകളും കൃത്യമല്ല.

**1-1-6 കാലഹരണപ്പെട്ട ഋണശീർഷ വരവുകൾ ബാദ്ധ്യതയായി തുടരുന്നു**

കാലഹരണപ്പെട്ട നികുതിയായ വാറ്റ് ഇനത്തിലെ തുക സർക്കാർ ഫണ്ടിലേക്ക് ക്രമീകരിക്കാനുള്ളതായി (₹43,056/-) ധനകാര്യപത്രികയുടെ ബി-9 ഷെഡ്യൂളിൽ കാണുന്നു. തുടർനടപടി സ്വകരിക്കേണ്ടതാണ്.

**1-1-7 എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല**

പഞ്ചായത്തിലെ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.

**1-1-8 അക്യമലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നു.**

അക്യുമലേറ്റ്ഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നതായി വാർഷികധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി ഇനം | ആസ്തി തുക(₹) | ഡിപ്രിസിയേഷൻ (₹) |
|---|---|---|
| 410800101 – അദർ ഫിക്സഡ് അസറ്റ്സ് | 5,56,875/- | 17,36,086/- |
| വാട്ടർവേയ്സ് | - | 3,19,679/- |
| സീവേജ് | - | 85,683/- |

**1-1-9 ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയില്ല.**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിവിധ ഫണ്ട് തിരിച്ച് മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല 2024-2025 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിടേണ്ട തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനായില്ല.

**1-1-10 ബി 5 ഷെഡ്യൂളിലെ തുകയും ബി 16 ഷെഡ്യൂളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ബി – 5 ഷെഡ്യൂൾ പ്രകാരം സെക്വേർഡ് ലോൺ ഇനത്തിലെ ബാലൻസ് തുക ₹73,31,615/- ആയിരിക്കെ, ബി – 16 ഷെഡ്യൂൾ പ്രകാരമുള്ള പ്രിപെയ്ഡ് എക്സ്പെൻസിന്റെ ബാലൻസ് ₹62,15,314/- ആണ്.

**1-1-11 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയില്ല.**

തൻവർഷം പഞ്ചായത്ത്, കേരള വാട്ടർ അതോറിറ്റിയിലും വൈദ്യുതി ബോർഡിലും നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുക, Advance To Implementing Agencies Deposit With Kerala Water Authority എന്ന ശീർഷകത്തിൽ അഡ്വാൻസായി അക്കൗണ്ട് ചെയ്യുന്നതിന് പകരം പ്രസ്തുത ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി.

**1-1-12 ജില്ലാപ്പഞ്ചായത്ത് വിഹിതം - ബി 4 - ലെ ഷെഡ്യൂളിലെ തുകകളുടെ കൃത്യത വ്യക്തമല്ല**

ബി – 4 ഷെഡ്യൂൾ പ്രകാരം, ജില്ലാപ്പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന ഹെഡ് നം.320700105 പ്രകാരമുള്ള ₹10,43,900/-, ഹെഡ് നം.320700205 പ്രകാരമുള്ള ₹19,550/- എന്നിവയുടെ കൃത്യത ഓഡിറ്റിന് വ്യക്തമായിട്ടില്ല.

**1-1-13 വാട്ടർ അതോറിറ്റിയിൽ അടവാക്കാനുള്ള വെള്ളക്കരത്തിന്റെ കുടിശ്ശിക വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല**

വെള്ളക്കരം കുടിശ്ശികയായ ₹18,50,085/- ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2024-2025 വർഷത്തെ ബജറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം./ തീയതി | ഭരണസമിതി തീരുമാനം |
|---|---|---|
| പ്രാഥമിക ബജറ്റ് | (1/1)/ 03.03.2025 | (1/1)/13.03.2025 |
| പുതുക്കിയ ബജറ്റ് | (1/1)/11.02.2025 | (4/1)/12.02.2025 |

ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ

| ഇനം | പ്രാഥമിക ബജറ്റ് (₹) | പുതുക്കിയ ബജറ്റ് (₹) |
|---|---|---|
| മുന്നിരിപ്പ് | 26,11,259.41 | 34,11,259.41 |
| വരവ് | 8,07,47,000.00 | 8,67,35,000.00 |
| ആകെ | 8,33,58,259.41 | 90146259.41 |
| ചെലവ് | 8,05,23,600.00 | 8,71,48,726.00 |
| നീക്കിയിരിപ്പ് | 28,34,659.41 | 29,97,533.41 |

**1-3 ഗ്രാന്റ് വിനിയോഗം**

| | ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ |
|---|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | (₹) | (₹) | (₹) | (₹) | തുക (₹) |
| വികസനഫണ്ട് – ജനറൽ | 0 | 86,12,000/- | 86,12,000/- | 86,12,000/- | 0 |
| എസ്.സി.പി. | 0 | 26,83,000/- | 26,83,000/- | 19,26,041/- | 7,56,959/- |
| റ്റി.എസ്.പി. | 0 | 1,76,000/- | 1,76,000/- | 1,76,000/- | 0 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് – TIED | 3,42,146/- | 33,95,000/- | 37,59,214/- | 31,71,991/- | 5,87,223/- |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് – UNTIED | 7,93,180/- | 32,46,066/- | 40,39,246/- | 18,03,114/- | 22,36,132/- |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 1,55,47,000/- | 1,55,47,000/- | 1,35,91,749/- | 19,55,251/- |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 50,94,000/- | 5094000/- | 50,76,280/- | 17,720/- |
| ഐ.സി.ഡി.എസ്. | 15,14,070/- | 9,00,262/- | 24,14,332/- | 10,11,501/- | 14,02,831/- |
| ആർ.ജി.പി.എസ്.എ. ഗ്രാന്റ് | 76,981/- | 0 | 76,981/- | 0 | 76,981/- |
| സാക്ഷരത | 14,407/- | 0 | 14,407/- | 0 | 14,407/- |
| എസ്.എസ്.എ. | 22,860/- | 622/- | 23,482/- | 0 | 23,482/- |
| ടോട്ടൽ സാനിറ്റേഷൻ | 7,77,340/- | 1,64,494/- | 9,41,834/- | 3,33,832/- | 6,08,002/- |
| സമ്പൂർണ്ണ ശുചിത്വം 320400198 | 1,16,632/- | 0 | 1,16,632/- | 0 | 1,16,632/- |
| സമ്പൂർണ്ണ ശുചിത്വം 320300103 | 26,170/- | 0 | 26,170/- | 0 | 26,170/- |
| പകർച്ചവ്യാധി ഗ്രാന്റ് | 4,10,940/- | 0 | 4,10,940/- | 0 | 4,10,940/- |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ്സ് സെന്റർ) | 73,906/- | 4,60,605/- | 5,34,511/- | 68,121/- | 4,66,390/- |
| ഹെൽത്ത് ഗ്രാന്റ് (ഇൻഫ്രാസ്ട്രക്ചർ) | 7,22,878/- | 2,89,520/- | 10,12,398/- | 3,31,898/- | 6,80,500/- |
| ഹെൽത്ത് ഗ്രാന്റ് (ബിൽഡിംഗ്) | 28,14,519/- | 76,602/- | 28,91,121/- | 0 | 28,91,121/- |
| എൻ.ആർ.എച്ച്.എം. | 5,00,000/- | 0 | 5,00,000/- | 0 | 5,00,000/- |
| കടിവെള്ള പദ്ധതി | 0 | 2,16,324/- | 2,16,324/- | 0 | 2,16,324/- |
| സ്വച്ഛ് ഭാരത് | 0 | 37,865/- | 37,865/- | 37,865/- | 0 |
| നിർമ്മൽ പുരസ്ക്കാരം | 0 | 3,00,000/- | 3,00,000/- | 3,00,000/- | 0 |

ഹെഡ് നം. 320300199, 320400199 എന്നിവ ഏതിനത്തിലുള്ള ഗ്രാന്റ് വരവുകളാണെന്ന് തരം തിരിച്ചെടുക്കുവാൻ കഴിയാത്തതിനാൽ ഗ്രാന്റ് വിനിയോഗപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-3-1 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകൾ**

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലൈഫ് മിഷൻ വായ്പയുടെ മുതൽ തിരിച്ചടവ് (₹) | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക (₹) |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 6,85,417/- | 7,44,600/- |
| വികസനഫണ്ട് | 2,30,312/- | 0 |

| | | |
|---|---|---|
| (SCP) | | |
| വികസനഫണ്ട് (TSP) | 14,667/- | 0 |

15.07.2021- ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം, 2023-2024 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ 80% -ത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

| ഫണ്ടിനം | വരവ് (₹) | ചെലവ് (₹) | തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന 80% തുക (₹) | തൻവർഷം 80% ചെലവില്ലാത്തതിനാൽ ലാപ്സായതും 2025-2026 വർഷം കുറവ് ചെയ്യുന്നതുമായ തുക (₹) |
|---|---|---|---|---|
| വികസനഫണ്ട് - പട്ടികജാതി വിഭാഗം | 2,68,3000/- | 19,26,041/- | 21,46,400/- | 2,20,359/-s |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ എ.സി.ആർ., സുലേഖ എന്നിവ പരിശോധിച്ചാണ് ഗ്രാന്റുകളുടെ വരവ്, ജി.ഒ. പദ്ധതികൾ പ്രകാരമുള്ള തുക എന്നിവ എടുത്തിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം (%) |
|---|---|---|---|---|---|
| 172 | 7,98,15,085/- | 134 | 3,94,54,786/- | 38 | 77.90 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായപദ്ധതികളുടെ വിശദാംശങ്ങൾ.

| നിർവഹണോദ്യോഗസ്ഥർ | ആസൂത്രണം ചെയ്ത പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവയുടെ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 4 | 4 | 17,82,000 | 14,42,199 | 80.93 |
| കൃഷി ഓഫീസർ | 7 | 7 | 7,30,200 | 6,80,250 | 93.15 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 14 | 11 | 37,38,232 | 23,27,603 | 62.26 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 6 | 6 | 14,73,291 | 1473291 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 3,45,000 | 3,44,829 | 99.95 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 7,36,000 | 5,77,696 | 78.49 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നെല്ലാപ്പാറ | 12 | 11 | 32,48,625 | 22,42,030 | 69.01 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കരിങ്കുന്നം | 7 | 6 | 2,25,01,927 | 33,03,008 | 14.67 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 9 | 41,40,807 | 35,78,075 | 86.41 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 6,00,000 | 1,87,156 | 31.19 |
| സെക്രട്ടറി | 28 | 16 | 45,03,353 | 29,04,538 | 64.49 |
| ഹെഡ്മാസ്റ്റർ | 4 | 4 | 1,88,663 | 1,87,286 | 99.27 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 53 | 3,58,26,987 | 2,02,06,825 | 56.40 |
| ആകെ | 172 | 134 | 7,98,15,085 | 3,94,54,786 | 49.43 |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.), വി.ഇ.ഒ., ഡയറി എക്സ്ററൻഷൻ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ വകയിരുത്തിയ തുകയിൽ വളരെ കുറവായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2,547/- | 10,95,523/- | 10,98,070/- | 10,98,070/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 38,80,794/- | 38,80,794/- | 38,80,794/- | 0 |
| റീഫണ്ട് ചെയ്ത തുക | 0 | 2.372/- | 2,372/- | 0 | 2,372/- |
| ആകെ | 2.547/- | 49,78,689/- | 49,81,236/- | 49,78,864/- | 2,372/- |

I-6 പ്രകാരമുള്ള ആകെ വരവ് I-14 പ്രകാരമുള്ള ചെലവ് കണക്കുകളിൽ ₹294/- ന്റെ വ്യത്യാസം നിലനിൽക്കുന്നു. പ്രസ്തുത വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-6 സാമൂഹ്യക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് വിവിധ ക്ഷേമപദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 18,80,000/- | 115/- |
| വിധവ പെൻഷൻ | 57,39,300/- | 365/- |
| വാർദ്ധക്യകാലപെൻഷൻ | 1,72,16,500/- | 1,155/- |
| വികലാംഗപെൻഷൻ | 23,44,800/- | 148/- |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,41,600/- | 26/- |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.05.2025 – ന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹601/- (അറുന്നൂറ്റി ഒന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ഭരണകാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. എന്നാൽ വർഷാവസാനം നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ബാങ്കിൽ നേരിട്ട് ലഭിക്കുന്ന വരവ് തുകകൾ റസീറ്റ് ചെയ്യുന്നില്ല. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷികപദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപ്പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും ഗ്രാമപ്പഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപ്പഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കുനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ മിനിട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ മോണിറ്ററിംഗ് സംബന്ധിച്ചോ നടന്നിട്ടുള്ള ചർച്ചകളോ തീരുമാനങ്ങളോ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി ഫയലുകളിൽ വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്.

ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പദ്ധതി തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി

നിർവ്വഹിച്ചതിനുശേഷം നീരിക്ഷണ കാലയളവിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗികവിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-9 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല**

ഗ്രാമപ്പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും, ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) | ലൈസൻസ് രജിസ്റ്ററിലെ നമ്പർ |
|---|---|---|---|
| 1 | മാടപ്പറമ്പിൽ റിസോർട്ട്സ് | 5 | 4 |
| 2 | മാടപ്പറമ്പിൽ ഗ്രാനൈറ്റ്സ് | 7 | 3 |
| 3 | മിഡ് ലാന്റ് ടിംമ്പേഴ്സ് | 27 (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 10പേരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ട്) | 29 |
| 4 | സി.എ ജോസഫ് & കമ്പനി, റബ്ബർ സ്റ്റോക്കിംഗ് | 12 | 44 |
| 5 | പെർഫക്ട് എന്റർ പ്രൈസസ് | 5 | 88 |

മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.9/28.05.2025) മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-10 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്**

2017 - ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017 – ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം ചട്ടം 10 – ലെ, പട്ടിക II പ്രകാരം, ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ

മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് ₹500/-, ₹1,000/-, ₹5,000/-, ₹10,000/-, ₹15,000/- എന്നിങ്ങനെ പുതുക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപന ഉടമ/ നടത്തുന്ന വ്യാപാരം | മൂലധനനിക്ഷേപം(₹) ഉൾപ്പെടുന്ന മേഖല | ചട്ട പ്രകാരം ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് (₹) | ഈടാക്കിയ ഫീസ് (₹)/ രസീതു നമ്പർ/ തീയതി | ഈടാക്കിയതിലെ കുറവ് (₹) |
|---|---|---|---|---|---|---|
| 1 | 94/25 | ശ്രീ വർഗ്ഗീസ് കുര്യൻ, മാടപ്പറമ്പിൽ റിസോർട്ട്സ് | 240 ലക്ഷം/ മീഡിയം എന്റർപ്രൈസസ്, സേവന മേഖല | 10,000/- | 5,000/- 1230100516/ 21.07.2024 | 5,000/- |

ലൈസൻസ് ഫീസ് കുറവ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/28.05.2025), കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**<u>1-11 എഫ്.എച്ച്.സി.- ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല</u>**

| പദ്ധതി നം./പദ്ധതിയുടെ പേര് | 50/25, കരിങ്കുന്നം കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ | |
| അടങ്കൽ തുക (₹) | 6,00,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) | |
| ആകെ ചെലവ് തുക (₹) | 6,00,000/- | |
| തുക (₹)/ബിൽ നം./തീയതി | 3,25,000/- | 14/25/18.10.2024 |
| | 22,924/- | 37/10.03.2025 |
| | 99,986/- | 15/18.10.2024 |
| | 99,981/- | 16/18.10.2024 |
| | 46,609/- | 24/31.12.2024 |
| | 5,500/- | 25/06.01.2025 |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിന് ആകെ ചെലവഴിച്ച ₹6,00,000/- – യിൽ ലോക്കൽ പർച്ചേസ് മുഖേന വാങ്ങിയ ₹2,75,000/- – യുടെ മരുന്നുകളും KMSCL – ന് നൽകിയ ₹3,25,000/- – യിൽ ₹1,95,698/- – യ്ക്കുള്ള മരുന്നുകളും ഉൾപ്പെടെ ആകെ ₹4,70,698/- – യുടെ മരുന്നുകൾ വിതരണം ചെയ്തത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹1,29,302/- – യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ അവയുടെ രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.12/29.05.2025), മരുന്നുകൾ

നാളിതുവരെയും ലഭ്യമായിട്ടില്ലെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ വിതരണം ചെയ്യുന്നതാണെന്ന് കൊല്ലം കാരുണ്യഡിപ്പോയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. ₹1,29,302/- – യുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-12 കരിങ്കുന്നം കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഇൻവേർട്ടർ വാങ്ങൽ പദ്ധതി - ഇൻവേർട്ടർ ലഭിച്ചില്ല - ₹1,16,000/- തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 51/25, കരിങ്കുന്നം കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഇൻവേർട്ടർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., കരിങ്കുന്നം |
| അടങ്കൽ തുക (₹) | 1,16,000/-(മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് തുക (₹)/ബിൽ നം./ തീയതി | 1,16,000/-/43/25/18.03.2025 |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ, കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഇൻവേർട്ടർ വാങ്ങൽ എന്ന പദ്ധതി പ്രകാരം, ഇൻവർട്ടർ വാങ്ങുന്നതിന് എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ – ന് ₹1,16,000/- നൽകിയിട്ടുണ്ട്. എന്നാൽ ഇൻവേർട്ടർ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. ആയത് ലഭ്യമായി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.13/29.05.2025), പി.ഡബ്ല്യു.ഡി. തൃശൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ നിർദ്ധിഷ്ട ശീർഷകത്തിൽ 24.04.2025 – ൽ തുക അടച്ചിട്ടുള്ളതാണെന്നും ടി വിവരം കത്ത് മുഖാന്തിരം 30.04.2025 – ൽ പി.ഡബ്ല്യു.ഡി. ഇടുക്കി ഇലക്ട്രിക്കൽ ഡിവിഷനെ അറിയിച്ചിട്ടുള്ളതാണെന്നും ഇൻവേർട്ടർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണെന്നും കാലതാമസം ഇല്ലാതെ തന്നെ ഇൻവേർട്ടർ സ്ഥാപിക്കാവുന്നതാണെന്നും പി.ഡബ്ല്യു.ഡി. അധികൃതർ അറിയിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. ഇൻവേർട്ടർ ലഭ്യമാക്കി സ്ഥാപിച്ച് അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ₹1,16,000/- – യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-13 മൂവ്മെന്റ് പെർമിറ്റ് - പെർമിറ്റ് തീയതിക്കു ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ തറ നിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയില്ല**

2023 – ലെ Kerala Minor Mineral Concession (Amendment) Rules പ്രകാരം, ഷെഡ്യൂൾ – 1 - ലെ ഇനം 3 പ്രകാരമുള്ള സാധാരണ മണ്ണിനുള്ള Movement Permit (Form-S)-ഉം Mineral Transit Passes [Form O(A)]-ഉം ആണ് തദ്ദേശസ്ഥാപനത്തിന് നൽകാനാകുക.(കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 3000 Sq.Ft.(278.7 $M^2$) വരെയുള്ള കെട്ടിടനിർമ്മാണത്തിനുവേണ്ടിയുള്ള സാധാരണ മണ്ണ് കടത്തുന്നതിന്). അംഗീകൃത പ്ലാൻ പ്രകാരമുള്ള മണ്ണ് മാത്രമെ കുഴിച്ചെടുക്കുകയുള്ളൂവെന്നും

ട്രാൻസ്പോർട്ട് ചെയ്യുകയുള്ളൂവെന്നും, അംഗീകൃത കെട്ടിട പ്ലാൻ പ്രകാരമുള്ള നിർമ്മാണം നടത്തുകയുള്ളൂവെന്നും Movement പെർമിറ്റ് തീയതിക്കു ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ Basement നിർമ്മാണം പൂർത്തീകരിക്കുമെന്നും രേഖപ്പെടുത്തിയുള്ള സ്റ്റാമ്പ് പേപ്പറിൽ നോട്ടറി അറ്റസ്റ്റ് ചെയ്ത് (Form-T) ഇതിനായി അപേക്ഷകൻ സമർപ്പിക്കണം. ബേസ്മെന്റ് നിർമ്മിക്കാത്തപക്ഷം റോയൽറ്റിയായി അടച്ച തുകയുടെ അഞ്ച് ഇരട്ടി തുക പിഴയായി അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാകുന്നതാണ്. പെർമിറ്റഡ് ഏരിയയിൽ അധികമായി മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ പ്ലാൻ പ്രകാരമുള്ള മണ്ണിന്റെ അളവിൽ അധികമായി മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ അധികമായി എടുത്ത മണ്ണിന് അഞ്ചിരട്ടി റോയൽറ്റി പിഴയായി ഈടാക്കേണ്ടതാണ് (ചട്ടം 14(8)).

Movement Permit സംബന്ധിച്ച വിശദാംശങ്ങളുടെ രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കേണ്ടതുണ്ട് (LSGD Secretary). ഇതിൽ പെർമിറ്റ് വിവരങ്ങൾ, ട്രാൻസിറ്റ് പാസ്സ് വിവരങ്ങൾ, ബേസ്മെന്റ് നിർമ്മാണ വിവരം, ഫൈൻ വിശദാംശങ്ങൾ, മൂവ്മെന്റ് പെർമിറ്റ് റദ്ദാക്കിയെങ്കിൽ ആ വിവരം എന്നിവ ഉൾപ്പെടുത്തണം. ഫൈൻ ഈടാക്കുന്നതിനു റവന്യൂറിക്കവറി നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

കരിങ്കുന്നം ഗ്രാമപ്പഞ്ചായത്തിലെ ധാതുഗതാഗത പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2023-2024 സാമ്പത്തികവർഷം ആകെ ലഭിച്ച 10 അപേക്ഷകളിൽ 10 എണ്ണത്തിനും പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമായി. ഇതിൽ പെർമിറ്റ് നേടിയ ചുവടെ ചേർക്കുന്ന വ്യക്തികളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് തീയതി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും ബേസ്മെന്റ് പണിപൂർത്തിയാക്കിയതിന്റെ രേഖയില്ല.

| പേര്, വിലാസം | പെർമിറ്റ് നമ്പർ/ തീയതി | സർവേ നം. | ട്രാൻസിറ്റിനായി അനുവദിച്ച മണ്ണിന്റെ അളവ് | അടവാക്കിയ റോയൽറ്റി (₹) | ഈടാക്കേണ്ട ഫൈൻ (₹) |
|---|---|---|---|---|---|
| ശ്രീ ബിനോയ് ജോൺ മുണ്ടുപുഴയ്ക്കൽ കരിങ്കുന്നം | ജി.ഒ.പി/2023/ 2633-1/14.11.2023 | 376/ 2-2-1 | 719 ടൺ | 28,782/- | 1,43,910/- |
| ശ്രീ ജെറോമിൻ ജെയിംസ് മുളയാനിക്കുന്നേൽ കരിങ്കുന്നം | ജി.ഒ.പി/2023/ 3841/09.02.2024 | 402/ 6-4-1 | 625.24 ടൺ | 25,010/- | 1,25,050/- |
| ശ്രീ ജോഷി മാത്യു കൊച്ചുപൂതക്കാട്ട് കരിങ്കുന്നം | ജി.ഒ.പി/2023/ 3352/08.11.2023 | 485/ 2-1-3 | 834 ടൺ | 33,360/- | 1,66,800/- |
| ആകെ | | | | | 4,35,760/- |

മൂവ്മെന്റ് പെർമിറ്റ് തീയതിയ്ക്കുശേഷം ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചിട്ടില്ലാത്തതിനാൽ KMMC റൂൾ, 14(7) പ്രകാരമുള്ള ഫൈൻ തുകയായ ₹4,35,760/- അപേക്ഷകരിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ചട്ടപ്രകാരമുള്ള ഫൈൻ

ചുമത്തിയിട്ടില്ല.

2023-2024, 2024-2025 എന്നീ വർഷങ്ങളിൽ പെർമിറ്റ് നൽകിയ എല്ലാ അപേക്ഷകളും ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ബേസ്മെന്റ് കെട്ടിയോ എന്നും അനുമതിയിൽ കൂടുതൽ മണ്ണ് എടുത്തുമാറ്റിയിട്ടുണ്ടോയെന്നും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാണ്. ബേസ്മെന്റ് കെട്ടാത്ത അപേക്ഷകരിൽ നിന്നും നിയമാനുസൃതം സർക്കാരിനു ലഭിക്കേണ്ട ഫൈൻ നിയമാനുസൃതമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം.16/ തീയതി.30.05.2025) മറുപടി നൽകിയില്ല. പരിശോധന നടത്തി ഫൈൻ നിയമാനുസൃതമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പാക്കിയ പദ്ധതികളിൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ, ആയൂർവേദം നിർവ്വഹണോദ്യോഗസ്ഥനായി, താഴെ പറയുന്ന മരുന്നു വാങ്ങൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും യഥാസമയം മരുന്നുകൾ ലഭ്യമായിട്ടില്ല.

| പദ്ധതി നം./ പദ്ധതിയുടെ പേര് | 38/25, ആയൂർവേദ സബ്സെന്ററിന് മരുന്ന് വാങ്ങൽ | 161/25, ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ | 37/25, ആയൂർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
|---|---|---|---|
| അടങ്കൽ തുക (₹) | 200,000/- | 200,000/- | 10,00,000/- |
| ബിൽ നം./ തീയതി/തുക (₹) | 2410055020122004444281 /29.07.2024/2,00,000/- | 241005502012200942942 /25.11.2024/2,00,000/- | 241005502012200476920 /29.07.2024/10,00,000/- |
| ലഭിച്ച മരുന്നിന്റെ വില (₹) | 1,63,041/- | 1,79,211/- | 8,88,795/- |
| ലഭ്യമാക്കാനുള്ള മരുന്നിന്റെ വില (₹) | 36,959/- | 20,789/- | 1,11,205/- |

മൂന്ന് പദ്ധതികളിലും കൂടി ലഭ്യമാക്കാൻ ബാക്കിയുള്ള ₹1,68,943/- – യുടെ മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - യഥാസമയം മരുന്ന് ലഭ്യമാകുന്നില്ല

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 34/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ തുക (₹) | 2,50,000/- |
| ബിൽ നം./തീയതി/തുക (₹) | 241000000000025533/24.02.2025/2,50,000/- |

മേൽ പദ്ധതി പ്രകാരം, മരുന്ന് വാങ്ങലിനായി ആകെ ₹2,50,000/- ഹോം കോയിൽ ഒടുക്കിയിരുന്നെങ്കിലും മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. മരുന്ന് അടിയന്തരമായി

ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്. മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തികവർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

## 1-16 വെള്ളക്കരം - കുടിശ്ശിക

കരിങ്കുന്നം ഗ്രാമപ്പഞ്ചായത്തിൽ മുൻവർഷങ്ങളിലുൾപ്പെടെ ഗണ്യമായ തുക വെള്ളക്കരം കുടിശ്ശികയുണ്ട്. 2025 ഏപ്രിൽ മാസത്തെ കേരള വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം, ₹18,50,085/- കുടിശ്ശികയിനത്തിലും ₹36,290/- പലിശയിനത്തിലും പഞ്ചായത്ത് ഒടുക്കേണ്ടതുണ്ട്. ഗണ്യമായ തുക വെള്ളക്കരം കുടിശ്ശികയിനത്തിൽ കാണുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം14/30.05.2025) മറുപടി നൽകിയില്ല. വെള്ളക്കരം കുടിശ്ശിക ഒടുക്കി, ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-17 ലൈഫ് ഭവനനിർമ്മാണം - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനനിർമ്മാണപദ്ധതിയിൽ, നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വിഭാഗം | എഗ്രിമെന്റ് തീയതി | കൈപ്പറ്റിയ ആനുകൂല്യം (₹) | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | ശ്രീ സോബിൻ സെബാസ്റ്റ്യൻ പാറപ്പള്ളിൽ | ജനറൽ | 09.08.2018 | 40,000/- | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 2 | ശ്രീ വിനോദ് ജോസ് അരിയപ്പാറയിൽ | ജനറൽ | 09.08.2018 | 40,000/- | ആരംഭിച്ചിട്ടില്ല |
| 3 | ശ്രീമതി സജിനി ദേവദാസ് ചുള്ളിയിൽ | ജനറൽ | 09.08.2018 | 40,000/- | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4 | ശ്രീമതി കാർത്യായനി നെല്ലാംകുഴിയിൽ | എസ്.സി. | 31.07.2018 | 291,020/- | തറ |
| 5 | ശ്രീ രാജു റ്റി.കെ. തൊട്ടിയിൽ | ജനറൽ | 31.08.2018 | 40,000/- | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 6 | ശ്രീ മാർട്ടിൻ മാത്യു തുണ്ടിയിൽ | ജനറൽ | 28.08.2020 | 200,000/- | തറ |
| 7 | ശ്രീ മനു കെ.രാജൻ കോട്ടപ്പുറത്ത് | എസ്.സി. | 25.03.2023 | 40,000/- | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 8 | ശ്രീ വിജയൻ എൻ.കെ. നെടുംപുറത്ത് | എസ്.സി. | 08.09-2023 | 40,000/- | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 9 | ശ്രീ സാബു ചാരപ്പുറത്ത് | എസ്.സി. | 10.03.2023 | 40,000/- | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 10 | ശ്രീമതി ധന്യ മജു അപ്പാച്ചിക്കുളത്തിൽ | എസ്.സി. | 10.03.2023 | 200,000/- | തറ |
| 11 | ശ്രീ നാഥൻ വെട്ടുകുഴിയിൽ | എസ്.സി. | 08.01.2024 | 300,000/- | ലിന്റൽ |

2023-2024 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും തുക

തിരികെ ഒടുക്കി നാളിതുവരെ വിവരം ലഭ്യമാക്കിയിട്ടില്ല. പട്ടികയിൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനോ അല്ലാത്ത പക്ഷം ആനുകൂല്യത്തുക തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-18 വീട് മെയിന്റനൻസ് - പൂർത്തിയാക്കിയില്ല

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 21/25, വീട് മെയിന്റനൻസ് |
| അടങ്കൽ (₹) | 15,60,000/- |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ചെലവഴിച്ച തുക (₹) | 11,10,000/- |

2024-2025 വർഷം വീട് മെയിന്റനൻസ് ആനുകൂല്യം കൈപ്പറ്റിയെങ്കിലും മെയിന്റനൻസ് പൂർത്തിയാക്കിഅവസാന ഗഡു കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ജനറൽ വിഭാഗം

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | ശ്രീമതി റോസമ്മ ജെയിംസ്, തറപ്പിൽ | 30,000/- |
| 2 | ശ്രീമതി ലീലാമ്മ ജോസ്, വടക്കേക്കുന്നേൽ | 30,000/- |
| 3 | ശ്രീ ബ്രിജിത്ത് ജോസഫ്, വെളുക്കണംപാറയിൽ | 30,000/- |
| 4 | ശ്രീമതി മേരി ബേബി, വെളുത്തറമൂട്ടിൽ | 30,000/- |
| 5 | ശ്രീമതി പുഷ്പ ജോസഫ്, മറ്റത്തിപ്പറമ്പിൽ | 30,000/- |
| 6 | ശ്രീ സുനിൽ ജോസഫ്, മണ്ണത്തിപ്പാറ | 30,000/- |
| 7 | ശ്രീ വർഗ്ഗീസ് ഉലഹന്നാൻ, തുരുത്തേൽ | 30,000/- |
| 8 | ശ്രീ സാബു എം.എൻ., മോടായിക്കൽ | 30,000/- |
| 9 | ശ്രീമതി ശാന്തമ്മ കുഞ്ഞ്, പുളിക്കൽ | 30,000/- |
| 10 | ശ്രീമതി സരോജിനി ചെല്ലപ്പൻ, തൊടിയിൽ | 30,000/- |
| 11 | ശ്രീ സുകുമാരൻ റ്റി.കെ., തൊട്ടിയിൽ | 30,000/- |
| 12 | ശ്രീമതി ഭവാനി തങ്കപ്പൻ, കാനത്തിൽ | 30,000/- |
| 13 | ശ്രീമതി രാജമ്മ തങ്കപ്പൻ, ചെമ്പഴ | 30,000/- |
| 14 | ശ്രീമതി വൽസമ്മ ശശികുമാർ, ആനന്ദ ഭവനം | 30,000/- |
| 15 | ശ്രീ സജി ജോസ്, കൊന്നക്കൽ | 30,000/- |

പട്ടികജാതിവിഭാഗം

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 22/25, വീട് മെയിന്റനൻസ് (എസ്.സി.) |
| അടങ്കൽ (₹) | 6,00,000/- |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| ചെലവഴിച്ച തുക (₹) | 2,88,033/-/- |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | ശ്രീമതി ചെല്ലമ്മ കെ., നെടുംകുളത്തിൽ | 50,000/- |
| 2 | ശ്രീ രമണൻ കെ., കാരക്കുന്നേൽ | 50,000/- |
| 3 | ശ്രീമതി ലീലക്കുഞ്ഞ്, വള്ളിയാന്താനത്ത് | 50,000/- |

പട്ടികയിലുൾപ്പെട്ട ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹2,46,710/- തടസ്സപ്പെടുത്തുന്നു.

1. തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്ക് തുക ഡെപ്പോസിറ്റ് നല്കിയെങ്കിലും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പദ്ധതി നം./പദ്ധതിയുടെ പേര് | ബിൽ നമ്പർ/തീയതി | തുക (₹) | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 186/25, തണ്ണിറ്റം പാറ പൈപ്പ് ലൈൻ മാറ്റൽ | 241005520166008830 50/ 08.11.2024 | 77,000/- | KWA |
| 216/25, തണ്ണിറ്റം പാറ പോസ്റ്റ്മാറ്റൽ | 24100552016601561636/ 07.03.2025 | 19,710/- | KSEB |
| ആകെ | | 96,710/- | |

2. ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പദ്ധതി നം./പദ്ധതിയുടെ പേര് | ബിൽ നമ്പർ/തീയതി | തുക (₹) |
|---|---|---|
| 86/25, എസ്.എസ്.എ. വിഹിതം അടവാക്കൽ | 24100552012401513939/12.03.2025 | 1,50,000/- |
| ആകെ (96,710/- + 1,50,000/-) | | 2,46,710/- |

മുകളിൽ 1, 2 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ (₹96,710/- + ₹1,50,000/- = ₹2,46,710/-) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ടി പദ്ധതികൾക്ക് ചെലവഴിച്ച ₹2,46,710/- തടസ്സപ്പെടുത്തുന്നു.

## 1-20 തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണപ്ലാന്റ് പ്രവർത്തനക്ഷമമാക്കിയില്ല - ₹1,46,810/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 150/25, തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിക്കൽ |

| | | |
|---|---|---|
| ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് | |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| വൗച്ചർനമ്പർ/തീയതി/ചെലവ് തുക (₹) | 22400482/30.10.2024<br>22400522/16.11.2024 | 1,46,810/- |

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ സമീപം തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണപ്ലാന്റ് നിർമ്മിക്കാൻ പദ്ധതി വിഭാവനം ചെയ്തത് പണി പൂർത്തിയാക്കി. എന്നാൽ ഓഡിറ്റ് വിഭാഗം 27.05.2025 – ൽ നേരിട്ട് നടത്തിയ പരിശോധനയിൽ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും മാലിന്യസംസ്കരണപ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. പദ്ധതി ഉപയോഗപ്രദമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.08/തീയതി.28.05.2025) മറുപടി നൽകിയില്ല. മാലിന്യസംസ്കരണപ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കുന്നതിനു വിധേയമായി ടി പദ്ധതിക്ക് ചെലവഴിച്ച ₹1,46,810/- തടസ്സപ്പെടുത്തുന്നു.

**<u>1-21 വനിതാവ്യവസായകേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല.</u>**

| | | |
|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 146/25, വനിതാ വ്യവസായ കേന്ദ്രം നിർമാണം | |
| ഫണ്ട് | വികസനഫണ്ട് (പൊതു വിഭാഗം) | |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| ആകെ ചെലവഴിച്ച തുക (₹) | 10,85,561/- | |
| ബിൽ നമ്പർ/തീയതി/തുക (₹) | 1 | 5/24-25/30.09.2024/3,27,954/- |
| | 2 | 30/24-25/11.12.2024/1,30,611/- |
| | 3 | 35/24-25/31.12.2024/3,78,163/- |
| | 4 | 33/24-25/31.12.2024/2,48,833/ |

വനിതാവ്യവസായകേന്ദ്രനിർമാണം എന്ന പദ്ധതിയിൽ, പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ സമീപം വ്യവസായകേന്ദ്രം നിർമ്മിക്കാൻ പദ്ധതി വിഭാവനം ചെയ്തത് പണി പൂർത്തിയാക്കി. എന്നാൽ ഓഡിറ്റ് വിഭാഗം 27.05.2025 – ന് നേരിട്ട് നടത്തിയ പരിശോധനയിൽ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ടി പദ്ധതി വനിതാവ്യവസായകേന്ദ്രം എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പദ്ധതി ഉപയോഗപ്രദമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം.5/30.05.2025) മറുപടി നൽകിയില്ല. വനിതാവ്യവസായകേന്ദ്രം പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കുന്നതു വരെ ടി പദ്ധതിക്ക് ചെലവഴിച്ച ₹10,85,561/- തടസ്സപ്പെടുത്തുന്നു.

**<u>1-22 ബെയിലിങ്ങ് മെഷീൻ പ്രവർത്തനക്ഷമമാക്കിയില്ല - ₹1,47,000/- തടസ്സപ്പെടുത്തുന്നു.</u>**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 136/25, 8-ാം വാർഡ് എം.സി.എഫ്. – ലേയ്ക്ക്<br>ബെയിലിങ്ങ് മെഷീൻ വാങ്ങി സ്ഥാപിക്കൽ |

| | |
|---|---|
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

എട്ടാം വാർഡിൽ എം.സി.എഫി. – ലേയ്ക്ക് ബെയിലിങ്ങ് മെഷീൻ വാങ്ങി സ്ഥാപിക്കൽ എന്ന പദ്ധതിയിൽ എം.സി.എഫ്. കെട്ടിടത്തിൽ 19.03.2024 – ലെ ഇൻവോയ്സ് പ്രകാരം ഐ.റ്റി. പ്രൊഫഷണൽസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പുളിമൂട്, പട്ടം എന്ന സ്ഥാപനത്തിൽ നിന്നും അഞ്ച് എച്ച്.പി. ശേഷിയുള്ള ബെയിലിങ്ങ് മെഷീൻ വാങ്ങി സ്ഥാപിച്ചു. എന്നാൽ ഓഡിറ്റ് വിഭാഗം 27.05.2025 – ന് നേരിട്ട് നടത്തിയ പരിശോധനയിൽ, ബെയിലിങ്ങ് മെഷീൻ നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയില്ലെന്ന് കണ്ടെത്തി. പദ്ധതി ഉപയോഗപ്രദമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.7/28.05.2025) മറുപടി നൽകിയില്ല. ബെയിലിങ്ങ് മെഷീൻ നാളിതുവരെയും പ്രവർത്തനക്ഷമമാക്കാത്തതിനാൽ ടി പദ്ധതിക്കായി ചെലവഴിച്ച ₹1,47,000/- – ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മെഷീൻ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ഹെൽത്ത് ഗ്രാന്റ് അവലോകനം

പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ പറയുന്ന ആറു സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

1. കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം.
2. ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം.
3. ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.
4. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
6. അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

**ഫണ്ട് വിശകലനം**

കരിങ്കുന്നം ഗ്രാമപ്പഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്കീമിന്റെ പേര് | ലഭ്യമായ വർഷം | ലഭിച്ച തുക(₹) |
|---|---|---|
| രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 2021 – 2022 | 0 |
| | 2022 – 2023 | 2,08,161/- |
| | 2023 – 2024 | 6,49,000/- |

| | | |
|---|---|---|
| | 2024 – 2025 | 2,71,000/- |
| ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 2021 – 2022 | 0 |
| | 2022 – 2023 | 89,000/- |
| | 2023 – 2024 | 2,89,000/- |
| | 2024 – 2025 | 4,59,000/- |
| സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 2021 – 2022 | 0 |
| | 2022 – 2023 | 0 |
| | 2023 – 2024 | 27,75,000/- |
| | 2024 – 2025 | 0 |

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക (₹) | ചെലവ് തുക (₹) |
|---|---|---|---|
| 2021-2022 | ഇല്ല | 0 | 0 |
| 2022-2023 | 118/23, ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1,90,000/- | 8,632/- |
| | 117/23, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 2,08,161/- | 76,474/- |
| 2023-2024 | 126/24, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 6,49,000/- | 742/- |
| | 127/24, ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1,81,368/- | 1,81,368/- |
| 2024-2025 | 156/25, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 26,48,258/- | 2,73,753/- |
| | 154/25, ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1,78,121/- | 68,121/- |
| | 155/25, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 58,145/- | 58,145/- |
| | 218/25, കരിങ്കുന്നം ഗ്രാമപ്പഞ്ചായത്ത് സബ്സെന്റർ നിർമ്മാണം | 27,75,000/- | 27,75,000/- |

**ഹെൽത്ത് ഗ്രാന്റ് വിനിയോഗം**

1) സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

ഈയിനത്തിൽ ഗ്രാമപ്പഞ്ചായത്തിന് ₹27,75,000/- ഗ്രാന്റ് ലഭിച്ചിട്ടുണ്ട്, പദ്ധതി നം. 218/25 പ്രകാരം കരിങ്കുന്നം ഗ്രാമപ്പഞ്ചായത്ത് സബ്സെന്റർ നിർമ്മാണം എന്ന പദ്ധതി 2024-2025 – ൽ വിഭാവനം ചെയ്തിരുന്നുവെങ്കിലും ആരംഭിച്ചിട്ടില്ല.

2) സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.

| വർഷം | പദ്ധതി | അടങ്കൽ തുക (₹) | ചെലവ് തുക (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|
| 2024-2025 | 156/25, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 26,48,258/- | 2,73,753/- | 10 |

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

**നടപ്പാക്കിയ പദ്ധതികൾ**

| വർഷം | പദ്ധതി | അടങ്കൽ തുക (₹) | ചെലവ് തുക (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 2021-2022 | ഇല്ല | 0 | 0 |
| 2022-2023 | 118/23, ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1,90,000/- | 8,632/- |
| 2023-2024 | 127/24, ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1,81,368/- | 1,81,368/- |
| 2024-2025 | 154/25, ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 1,78,121/- | 68,121/- |

സ്കീം-4 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യവർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായ പ്രോത്സാഹിപ്പിക്കൽ പരിപാടികൾ നടത്തിയിട്ടില്ല എന്ന് കാണുന്നു.

**1-24 ജൽജീവൻ മിഷൻ - പദ്ധതി അവലോകനം**

ഗ്രാമപ്പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ഈ പദ്ധതിയിൽ നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/26.05.2025) – ന് മറുപടി നൽകി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| പദ്ധതിയുടെ പേര് | പദ്ധതി നമ്പർ | ജില്ലാ പഞ്ചായത്ത് (₹) | ബ്ലോക്ക് പഞ്ചായത്ത് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 102/25 | 90,000/- | 2,95,500/- | 3,85,500 | 0 |
| എസ്.സി.പി. പദ്ധതി | 201/25 | 20,000/- | 0 | 20,000/- | 0 |
| ലൈഫ് ഭവനപദ്ധതി | 17/25 | 3,99,064/- | 0 | 3,99,064/- | 0 |
| ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2/25 | 41,764/- | 45,392/- | 87,156/- | 0 |
| ആകെ | | 5,50,828/- | 3,40,892/- | 8,91,720/- | |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണഏജൻസി | പ്രവൃത്തിയുടെ നം./പേര് | വൗച്ചർ നമ്പർ/ചെക്ക് നം./തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 186/25, തണ്ണിപ്പാറപൈപ്പ് ലൈൻ മാറ്റൽ | 24100552016600883050/ 08.11.2024 | 77,000/- | 0 | 77,000/- |
| കെ.എസ്.ഇ.ബി. | 216/25, തണ്ണിറ്റം പാറ പോസ്റ്റ് മാറ്റൽ | 24100552016601561636/ 17.03.2025 | 19,710/- | 0 | 19,710/- |

## 4-4 വായ്പ/വായ്പ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | തൻവർഷ വായ്പ തുക (₹) | മുൻവർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി.വായ്പ | 15,84,425/- | 61,77,586/- | 9,30,396/- | 68,31,615/- |
| ലൈഫ് ഭവന പദ്ധതി – ജി.ഒ.(എം.എസ്.)നം. 100/2018/ത.സ്വ.ഭ.വ. 30.07.2018(ഹഡ്കോ വായ്പ) | 5,00,000/- | 0 | 0 | 5,00,000/- |

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 0 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 50,00,000/- |
| ആകെ (₹) | 50,00,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 50,00,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്) | എഫ്.ഡി.നം./നിക്ഷേപിച്ച തീയതി | കാലയളവ് | തുക (₹) |
|---|---|---|---|---|
| 1 | സൗത്ത് ഇൻഡ്യൻ ബാങ്ക് കരിങ്കുന്നം | 0904000000219329/04.03.2025 | ഒരു വർഷം | 5000,000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2002-03 | 2-3 | റ്റി. കെ. സരസ്വതി യമ്മ സെക്രട്ടറി | LF-4970/ Spl.Cell/ SC2/06 13.02.07 | 5283 | | ഇല്ല | | | | | 5283 | |

ബി) സർചാർജ് ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് (₹) | 1,66,80,505/- |
| ഓഡിറ്റ് വർഷത്തെ വരവ് (₹) | 3,20,75,748/- |
| ആകെ (₹) | 4,87,56,253/- |
| ഓഡിറ്റ് വർഷത്തെ ചെലവ് (₹) | 3,04,72,550/- |
| നീക്കിയിരിപ്പ് (₹) | 1,82,83,703/- |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 17,42,081/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| - | - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,16,000/- | ശ്രീമതി അനുമോൾ കെ.എ. മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-19 | | |
| | 77,000/- | ശ്രീ ഹർഷകുമാർ ആർ., സെക്രട്ടറി |
| | 19,710/- | ശ്രീ ജെയിംസ് കുര്യൻ സെക്രട്ടറി ഇൻചാർജ് |
| | 1,50,000/- | ഹെഡ് മാസ്റ്റർ എൽ.പി.സ്കൂൾ, കരിങ്കുന്നം |
| 1-20 | 1,46,810/- | ശ്രീ ആദർശ് പി.ആർ. |

| | | |
|---|---|---|
| | | അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-21 | 10,85,561/- | ശ്രീ ആദർശ് പി.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 1,47,000/- | ശ്രീ ആദർശ് പി.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 17,42,081/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അനുമോൾ കെ.എ. മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | പായിപ്പാട്ട്, കൊട്ടാരത്തിൽപ്പടി റോഡ് ഹൗസ് നം.63/സി, കുമാരമംഗലം |
| ശ്രീ ഹർഷകുമാർ ആർ. സെക്രട്ടറി | സെക്രട്ടറി | കാട്ടുപറമ്പിൽ, പത്തിയൂർ വെസ്റ്റ്, കരിയിലക്കുളങ്കര പി.ഒ., കായംകുളം-690572 |
| ശ്രീ ജെയിംസ് കുര്യൻ സെക്രട്ടറി | സെക്രട്ടറി കരിങ്കുന്നം ഗ്രാമപ്പഞ്ചായത്ത് | കഴുതടിയിൽ (ഹൗസ്), മുട്ടം പി.ഒ. 685587 |
| ശ്രീ ആദർശ് പി.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കരിങ്കുന്നം ഗ്രാമപ്പഞ്ചായത്ത് | പനച്ചിക്കുന്നേൽ, മണക്കാട് പി.ഒ., തൊടുപുഴ - 685608 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-1999 | എൽ.എഫ്.ഐ-7/172/2000/31.07.2000 | 1 | 29 |
| 2008-2009 | എൽ.എഫ്.ഐ-7/1497/2016/26.12.2016 | 1 | 3-5 (1, 2, 3) |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ-7/830/2016/23.06.2016 | 2 | 2-1, 3-1 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ-7/183/2018/17.03.2018 | 2 | 2-3, 2-4 |
| 2017-2018 | കെ.എസ്.എ.ഐ.ഡി.കെ-7/981/2018/04.10.2018/ 07.11.2018 | 3 | 2-4, 2-5, 3-2 |
| 2018-2019 | കെ.എസ്.എ.ഐ.ഡി.കെ-7/743/2019 | 2 | 3-12, 3-13 |
| 2019-2020 | കെ.എസ്.എ.ഐ.ഡി.കെ-7/283/2021 | 10 | 1-9, 1-11, 1-12, 1-13, 1-14,1-18, 1-19, 1-20,1-21, 1-24 |

| | | | |
|---|---|---|---|
| 2020-2021 | കെ.എസ്.എ.ഐ.ഡി.കെ-8/1080/2022/23.05.2023 | 4 | 1-10, 1-12, 1-18, 1-20 |
| 2021-2022 | കെ.എസ്.എ.ഐ.ഡി.കെ.പി2/187/2023/21.07.2023 | 13 | 1-3-1, 1-8 മുതൽ 1-12 വരെ<br>1-14 മുതൽ 1-20 വരെ |
| 2022-2023 | കെ.എസ്.എ.ഐ.ഡി.കെ.പി2/912/2023/26.10.2023 | 4 | 1-11,1-12,1-17,1-18 |
| 2023-2024 | കെ.എസ്.എ.ഐ.ഡി.കെ.പി2/666/2024/07.08.2024 | 11 | 1-1-5,1-12,1-13,1-14,1-16, 1-18,1-19,1-20,1-21, 1-22, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 17(1) dated 12-05-2025 and submitted on 15-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Karimkunnam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Karimkunnam Grama Panchayat as on 31-03-2025

**Date: 25/09/2025**

**Deputy Director**
**District Office Idukki**
**Kerala State Audit Department**

**Audit Report appended to the Audit Certificate of Karimkunnam Grama Panchayat for the Year 2024-2025 .**

**1.Major Observations**

1. The Asset value shown in Balance Sheet is not traceable to Asset register due to unsupported design of existing asset register

**2.Other Observations**

1. Mandatory financial statements prescribed in accounting rules are not submitted for audit.

2.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents,

3. Lapses in making timely and accurate demand entries in respect of tax and non tax revenue

4.Lack of authenticated journal Vouchers for supporting the adjustment entries recorded in prior period items

5.Lapsed Gov. dues/ amounts remains as liability in AFS.

6. Monthly Bank reconciliation statement is not prepared.
7. Accumulated depreciation provided for an asset exceeds the book value.
8. Authenticity of amount of Capital contribution is not reliable for audit.
9. B-15 Schedule does not match with B-16 Schedule.
10. Journel voucher missclassification
11. Balance of District Panchayat share for join venture project in B4 schedule is not reliable for audit.
12. Non disclosure of liability (water charge)

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്